"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.എസ്.എ4/60/2023-പൊഭവ

പൊതുഭരണ(സർവ്വീസസ്-എ) വകുപ്പ്

തിരുവനന്തപുരം,

തീയതി: 17-04-2024

<u>നോട്ടീസ്</u>

പൊതുഭരണ സെക്രട്ടേറിയറ്റിൽ സീനിയർ ഗ്രേഡ് അസിസ്റ്റന്റ് തസ്തികയിലിരിക്കേ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും നിലവിൽ അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടുനിൽക്കുകയും ചെയ്യുന്ന ശ്രീ.തോമസ് കുട്ടി.എം.കെ എന്ന താങ്കൾക്ക് കെ.എസ്.ആർ Appendix XII C -'Joining spouse abroad' പ്രകാരം 15 വർഷത്തേയ്ക്ക് ശൂന്യവേതനാവധി അനുവദിച്ച നൽകിയിട്ടുണ്ടായിരുന്നു. അവധി കാലാവധി 16/01/2023-ന് കഴിഞ്ഞിട്ടും, നാളിതുവരേക്കും തിരികെ സർവ്വീസിൽ പ്രവേശിച്ചിട്ടില്ലാത്തതിനാൽ അടിയന്തിരമായി തിരികെ ജോലിയിൽ പ്രവേശിക്കുവാനും അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നതിന്റെ വിശദീകരണം ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് താങ്കൾക്ക് കത്ത് അയച്ചിരുന്നു. ടി കത്ത് "Door locked" എന്ന റിമാർക്ക്സോട് കൂടി തിരികെ ലഭിച്ചു. ആയതിനാൽ സർവ്വീസിൽ തിരികെ പ്രവേശിക്കാതെ അനധികൃതമായി അവധിയിൽ തുടരുന്ന താങ്കൾക്കെതിരെ കെ.എസ്.ആർ ഭാഗം 1, അനുബന്ധം XII-C, ചട്ടം 10 പ്രകാരം അച്ചടക്കനടപടി സ്വീകരിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് കുറ്റാരോപണ മെമ്മോയും കുറ്റരോപണ പത്രികയും ലഭ്യമായ ഇന്ത്യൻ അഡ്രസിലേക്ക് അയച്ചിരുന്നെങ്കിലും "Addresse Out of India" എന്ന റിമാർക്ക്സോടു കൂടി തിരികെ ലഭ്യമായിട്ടുണ്ട്. ലഭ്യമാക്കിയിട്ടുള്ള വിദേശ അഡ്രസിലേക്ക് അയച്ച മെമ്മോയ്ക്കുള്ള അക്നോളജ്മെന്റോ വിശദീകരണമോ നാളിതുവരെ ഈ വകുപ്പിൽ ലഭിച്ചിട്ടില്ല. ആയതിനാൽ ഈ നോട്ടീസ് പ്രസിദ്ധപ്പെടുത്തി 15 ദിവസത്തിനകം താങ്കൾക്കെതിരെ ആരോപിക്കപ്പെട്ടിട്ടുള്ള കുറ്റങ്ങൾക്കെതിരെ താങ്കളുടെ രേഖാമൂലമുള്ള വിശദീകരണം ലഭിക്കാത്ത പക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ലെന്ന നിഗമനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും. കുറ്റാരോപണ മെമ്മോയ്ക്ക് ആധാരമായ വസ്തുതകളെ സംബന്ധിച്ചുള്ള പ്രമാണങ്ങളുടെ പകർപ്പ് ആവശ്യമുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ട താങ്കളുടെ മേൽവിലാസം രേഖപ്പെടുത്തി, ഈ നോട്ടീസിൽ പറഞ്ഞിരിക്കുന്ന കാലാവധിയ്ക്കു മുമ്പായി, പൊതുഭരണ സെക്രട്ടേറിയറ്റിലെ പൊതുഭരണ (സർവ്വീസസ്-എ) വകുപ്പ് ജോയിന്റ് സെക്രട്ടറിയിൽ നിന്നും രേഖാമൂലം ആവശ്യപ്പെടാവുന്നതാണ്.

Signed by
Dilip. C.d.
Date: 17-04-2024 10:55:35

ദിലീപ്.സി.ഡി

ജോയിന്റ് സെക്രട്ടറി

6161455/2024

ശ്രീ.തോമസ് കുട്ടി.എം.കെ

സീനിയർ ഗ്രേഡ് അസിസ്റ്റന്റ്

മംഗലത്ത് ഹൗസ്, നീലംപേരൂർ(പി.ഒ),കോട്ടയം-686534

2 Column x 4 cm.